# ‘ആത്മാവിന്റെ നനവ്’

## സങ്കീർത്തനം 72:6

**“അരിഞ്ഞ പുല്പുറത്തു പെയ്യുന്ന മഴപോലെയും ഭൂമിയെ നനെക്കുന്ന വന്മഴപോലെയും അവൻ ഇറങ്ങിവരട്ടെ.”**

രണ്ടു താരതമ്യങ്ങൾ കാണിച്ചുകൊണ്ട് സങ്കീർത്തനക്കാരൻ ദൈവസാന്നിധ്യത്തിനായി ആഗ്രഹിക്കുന്നു. അരിഞ്ഞ പുല്പുറവും, ഭൂമിയും. ഇവ രണ്ടും നനക്കുവാൻ മഴക്കായി വാഞ്ചിക്കുന്നു. അരിഞ്ഞ് ഒരുക്കി നിർത്തിയിരിക്കുന്ന പുൽപ്പുറത്ത് പുതിയ കിളിർപ്പുകൾ ഉണ്ടാകാൻ മഴ ആവശ്യമാകുന്നു. അതുപോലെ തന്നെ ഭൂമിയ്ക്കും അതിന്റേതായ പുഷ്ടിയും, ഊഷ്മളതയും, balance ഉം ഒക്കെ നിലനിർത്തി തക്കതായ ഫലം കൊടുക്കാനും മഴ കൂടിയേ തീരൂ.

എന്നാൽ മഴ വന്നു പുൽപ്പുറത്തു വീഴുന്നതിനു മുമ്പായി അവ കടന്നുപോകുന്ന ഒരു ബുദ്ധിമുട്ട് അഥവാ പ്രതിഭാസം ആർക്കും മനസ്സിലാകുന്നില്ല. അല്ലെങ്കിൽ പ്രാധാന്യത്തോടെ കാണുന്നില്ല. വാളുകൊണ്ട് ചെത്തിമിനുക്കുന്ന ഒരു പ്രവൃത്തി അവിടെ നടക്കുന്നു. അതിനു ശേഷമാണ് മഴ കിട്ടുന്നത്. വാളുകൊണ്ട് അരിയുക, ശേഷം മഴയിൽ നിന്നുള്ള വെള്ളം കൊണ്ട് നനക്കുക. ഇവരണ്ടും പുല്ല് വളരാനുള്ള അനുകൂല ഘടകങ്ങളായി തീരുന്നു. വരണ്ട് ഉണങ്ങി മരുഭൂമിയുടെ അവസ്ഥയിലൂടെ കടന്നുപോകുന്ന ഭൂമിയുടെ അവസ്ഥയും ഇതുതന്നെയാകുന്നു. അല്പം വെള്ളത്തിനായി, നനവിനായി അവ എത്രമാത്രം നോക്കിയിക്കുന്നു.

പ്രിയരെ, ഒരു ദൈവപൈതലിന്റെയും ജീവിതത്തിൽ നടക്കുന്ന വളർച്ചയുടെ രണ്ട് തലങ്ങൾ തന്നെയാണ് വചനം നമ്മെ ഇവിടെ കാണിക്കുന്നത്. അരിഞ്ഞും മിനുക്കിയും ചെത്തിയും വെടിപ്പാക്കാൻ വാളാകുന്ന ദൈവവചനവും, ഭൂമിയെ നനക്കുന്ന മഴപോലെ പരിശുദ്ധാത്മാവിന്റെ മഹാമാരിയും. അതേ, വൻമഴ എന്നാകുന്നു ഇവിടെ കാണുന്നത്. പരിശുദ്ധാത്മാവിന്റെ ഉന്നതമായ പകർച്ചയും സാന്നിധ്യവും നമുക്കു കൂടിയേ തീരു. വചനത്താലും ആത്മാവിനാലും ദിനംതോറും കർത്താവ് നമ്മെ നനക്കുവാൻ, വളർത്തുവാൻ, വിശുദ്ധീകരിക്കുവാൻ ഒക്കെയും ഇടയാകട്ടെ. പുല്ല് അരിയുമ്പോൾ അല്ല അത് പുതുതായി കിളിർപ്പ് വരുമ്പോഴാണ് എല്ലാവരും കാണുന്നത്. ഇതുപോലെതന്നെ ദൈവവചനം നമ്മുടെ ജീവിതത്തിലേക്ക് അവൻ കടത്തിവിടുമ്പോൾ അതു ചിലതിനെ അരിയും, പണിയും, ധൈര്യപ്പെടുത്തും, ശക്തി പകരും, ഉത്സാഹിപ്പിക്കും. ഇതൊക്കെ ഒരു ഭക്തന്റെ ഉള്ളിൽ നടക്കുന്നു.

പുറമേ ആരും കാണുന്നില്ല. വചനം ക്രിയ ചെയ്ത് ആത്മാവിൽ നിറയപ്പെടുമ്പോൾ പുല്ല് പുതിയതായി തരുന്ന ഒരു കിളിർപ്പിന്റെ അനുഭവം അഥവാ ഫലം വെളിപ്പെടും. അത് ലോക മുമ്പാകെ ഒരു സാക്ഷ്യമായിത്തീരും.

വരണ്ട ഭൂമിയുടെ മേൽ ഒരു മഴ ആവശ്യമായതുപോലെ നമ്മുടെ ജീവിതത്തിന്റെ വരൾച്ചകളുടെ മേൽ അത് എന്തുമാകാം, കർത്താവിന്റെ സാന്നിധ്യത്തോടെ ജീവിതം ക്രമീകരിക്കാൻ പറ്റാതെ, വരണ്ടുണങ്ങിയ അനുഭവമാണോ എന്ന് ശോധന ചെയ്യാം. ആത്മാവിന്റെ വലിയ നനവ് ഉണ്ടാകാൻ പ്രാർത്ഥിക്കാം. സങ്കീർത്തനക്കാരനെപ്പോലെ ദാഹത്തോടെ, ആഗ്രഹത്തോടെ ദൈവസാന്നിധ്യം എല്ലായ്പ്പോഴും പകരപ്പെടാൻ അതിൽ മാത്രം നിറഞ്ഞ് വിശുദ്ധിയോടെ ജീവിക്കുവാൻ നമുക്ക് കർത്താവിൽ ശരണപ്പെടാം.

പരാമർശം :

ഹോശേയ 6:3

**നാം അറിഞ്ഞുകൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളതു; അവൻ മഴപോലെ ഭൂമിയെ നനെക്കുന്നു പിൻമഴപോലെ തന്നേ, നമ്മുടെ അടുക്കൽ വരും.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 111**